# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# മാറാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2020-2021

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം
# എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം. (പി.14) 993/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/09/2021
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാറാടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മാറാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ്

റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം. (പി.14) 993/2021 തീയ്യതി: 13/09/2021

## എറണാകുളം ജില്ലയിലെ മാറാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മാറാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-05-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ

സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി | തീയതി |
| --- | --- | --- | --- |

| | | (മുതൽ) | (വരെ) |
|---|---|---|---|
| ശ്രി വിനോദ് കെ കെ | ഡെപ്യൂട്ടി ഡയറക്ടർ | 15-07-2021 | 16-07-2021 |
| ശ്രീ കെ എ ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2021 | 29-07-2021 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-07-2021 | 29-07-2021 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി റസിയ ബീവി ജെ ,ഓഡിറ്റ് ഓഫീസർ
ശ്രീമതി സുധ ജേക്കബ്,ഓഡിറ്റ് ഓഫീസർ
ശ്രി റഷീദ് സി എം, അസി:ഓഡിറ്റ് ഓഫീസർ
ശ്രി വിജു എം എസ് , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രി അനീഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| ശ്രീ ഒ പി ബേബി | പ്രസിഡന്റ് | 01-04-2020 | 31-03-2021 |
| ശ്രീ സുധീർ ബി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## <u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബിനോയ് മത്തായ് | അസി: സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ എൽദോസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ ബാലകൃഷ്മൻ എൻ | അസി :എഞ്ചിനീയർ | 01-04-2020 | 11-01-2021 |
| ശ്രീ സാം മാത്യു | അസി :എഞ്ചിനീയർ(അഡിഷണൽ ചാർജ്) | 12-01-2021 | 09-02-2021 |
| ശ്രീ മാക്സ് വെൽ കെ സി | അസി :എഞ്ചിനീയർ | 10-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ അമർലാൽ കെ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ അമ്പിളി പി നായർ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ മിനിമോൾ വി എൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ വീണ സി ഫിലിപ്പ് | വെറ്റേറിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ശോഭ പി ജി | വി ഇ ഒ,മാറാടി ഈസ്റ്റ് | 01-04-2020 | 31-03-2021 |
| ശ്രീ മുഹമ്മദ് സാലിഹ് | വി ഇ ഒ,മാറാടി വെസ്റ്റ് | 01-04-2020 | 16-06-2020 |
| ഒഴിവ് | വി ഇ ഒ,മാറാടി വെസ്റ്റ് | 17-06-2020 | 22-06-2020 |
| ശ്രീമതി ഗീതു | വി ഇ ഒ,മാറാടി വെസ്റ്റ് | 23-06-2020 | 12-08-2020 |
| ഒഴിവ് | വി ഇ ഒ,മാറാടി വെസ്റ്റ് | 13-08-2020 | 15-10-2020 |
| ശ്രീ കുട്ടൻ കെ എം | വി ഇ ഒ,മാറാടി വെസ്റ്റ് | 16-10-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി സൂസമ്മ സി ഡി | ഐ സി ഡി എസ് സൂപ്പർവൈവെസർ | 01-04-2020 | 30-04-2020 |
| ശ്രീമതി തരുണി എസ് | ഐ സി ഡി എസ് സൂപ്പർവൈവെസർ | 01-05-2020 | 31-03-2021 |
| ശ്രീ മനോജ് | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി മറിന പോൾ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2-1 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-2 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പുപദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ  നടത്തിയതിന്റെ വിവരം | 1-10 |
| 12 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല | 1-11 |
| 13 | വരുമാന നികുതി ഈടാക്കിയില്ല | 1-12 |

| | | |
|---|---|---|
| 14 | സോളാർ ലൈറ്റ് സ്ഥാപിക്കൽ - എഗ്രിമെന്റിൽ വാറന്റി കാലയളവ് കുറവ് രേഖപ്പെടുത്തി | 1-13 |
| 15 | കോമൺ സർവീസ് സെന്റർ - പ്രവർത്തന സജ്ജമായില്ല | 1-14 |
| 16 | ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കൽ -നടപടികൾ വേഗത്തിലാക്കണം | 1-15 |
| 17 | ഹോമിയോ മരുന്ന് ലഭ്യമാക്കിയിട്ടില്ല | 1-16 |
| 18 | എം.സി.റോഡ് മണിയങ്കല്ല് കനാൽറോഡ് പുനരുദ്ധാരണം വാർഡ് -10 അപാകതകൾ | 1-17 |
| 19 | എസ്.സി.സങ്കേതം റോഡ് റീ ടാറിംഗ് വാർഡ് -3 - പ്രവൃത്തിപൂർത്തീകരണം- കാലതാമസത്തിന് ഫൈൻ ഈടാക്കിയില്ല. | 1-18 |
| 20 | കാലിവീപ്പയുടെ വില ഈടാക്കിയിട്ടില്ല. | 1-19 |
| 21 | ദുരിതാശ്വാസ നിധി - കാര്യക്ഷമമായി വിനിയോഗിക്കുന്നില്ല. | 1-20 |
| 22 | ജാഗ്രതാ സമിതി ഓഫീസിലേക്ക് കംപ്യൂട്ടർ വാങ്ങൽ - അപാകതകൾ | 1-21 |
| 23 | ഓഡിറ്റ് ഇംപാക്റ്റ് | 1-22 |
| 24 | മരാമത്ത് പ്രവർത്തികൾ പൊതുവായ അപാകതകൾ | 1-23 |


**ഭാഗം 2**

| | | |
|---|---|---|
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | എസ്.സി.സങ്കേതം റോഡ് റീ ടാറിംഗ് വാർഡ് -3 - പ്രവൃത്തിപൂർത്തീകരണം- കാലതാമസത്തിന് ഫൈൻ ഈടാക്കിയില്ല. | 3-1 |
| 2 | കാലിവീപ്പയുടെ വില ഈടാക്കിയിട്ടില്ല. | 3-2 |
| 3 | എം.സി.റോഡ് മണിയങ്കല്ല് കനാൽറോഡ് പുനരുദ്ധാരണം വാർഡ് -10-അപാകതകൾ | 3-3 |
| **ഭാഗം 4** | | |
| 1 | വാർഷിക ധന കാര്യപത്രിക പരിശോധിച്ച് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ  അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ  ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ | 4-8 |

| | | |
|---|---|---|
| | വിശദാംശം. | |
| 9 | ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ  അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 16-03-20 തീയതിയിലെ 3 (1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 17-02-21 തീയതിയിലെ 2(1) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് 204569534/- രൂപയും ചെലവ് 204587972/- രൂപയും ആണ്.

## 1-2-1 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31.07.2021 | 14.05.2021 |

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ചു. സാക്ഷ്യപത്രം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-2-2 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1) B11 ഷെഡ്യൂൾ പ്രകാരം Movable Assets – Vehicles (410710102) എന്ന ആസ്തിയുടെ മൂല്യം 1/- രൂപ മാത്രമാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം Condenmation നടത്തി ബാലൻസ് ഷീറ്റിൽ നിന്നും ആസ്തി

ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2) സ്ഥാപന തൊഴിൽനികുതി (കറന്റ്) അരിയർ ഉള്ള 2500/- രൂപ B15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) ഗ്രാമപഞ്ചായത്തിന്റെ ജില്ലാ സഹകരണബാങ്കിലെ തനത് ഫണ്ട് അക്കൗണ്ട് (കോഡ് 450230102) പാസ് ബുക്ക് പതിപ്പിച്ചിട്ടില്ല 4) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 62(2)ഇ, എഫ് പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാനവൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ (Key Ratios) ഉൾക്കൊള്ളിക്കുകയോ ചെയ്തിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5291137.73 |
| ഓഡിറ്റ് വർഷത്തെ വരവ് | : 61836948.00 |
| ആകെ | 67128085.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : 61140427.00 |
| നീക്കിയിരിപ്പ് | 5987658.00 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 9675940 | 9675940 | 9675940 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 3963864 | 3963864 | 3897594 | 66270 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 185000 | 185000 | 185000 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 6389348 | 6389348 | 5235955 | 1153393 |
| ലോകബാങ്ക് സഹായം | | 3100000 | 3100000 | 2932745 | 167255 |
| മെയിന്റനൻസ്, റോഡ് | 0 | 8386000 | 8386000 | 8386000 | 0 |
| മെയിന്റനൻസ്-റോഡിതരം | 0 | 3456681 | 3456681 | 3131991 | 324690 |
| ഐസിഡിഎസ് | 346319 | 419331 | 765650 | 652699 | 112951 |
| സാക്ഷരത ഗ്രാന്റ് | 357 | 9 | 366 | 0 | 366 |
| ശുചിത്വമിഷൻ ഗ്രാന്റ് (320200322) | 735025 | 1535399 | 2270424 | 1330373 | 940051 |
| ലൈബ്രറി ഗ്രാന്റ് | 0 | 14710 | 14710 | 14710 | 0 |
| സമ്പൂർണ്ണ ശുചിത്വം (320300103) | 96697 | 0 | 96697 | 0 | 96697 |
| സമ്പൂർണ്ണ ശുചിത്വം | 661506 | 0 | 661506 | 0 | 661506 |

| (320100115) | | | | | |
|---|---|---|---|---|---|

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരംലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് .എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2020-21 | 200 | 74397410 | 175 | 45529257 | 16 | 9 | 87.5 |

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 45532- | 463930 | 509462 | 408062 | 101400 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | 16209435 | 16209435 | 16209435 | 0 |
| ആകെ | 45532 | 16673365 | 16718897 | 16617497 | 101400 |

1-6 പ്രകാരമുള്ള തുക 16617497/- ആണ്. എന്നാൽ 1-14 (A) പ്രകാരമുള്ള തുക 16619497/- ആണ്. 2019-20 വർഷം പലിശയിനത്തിൽ വരവ് വന്ന 2000 രൂപ അക്കൗണ്ട് ചെയ്തതിലെ അപാകത മൂലമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയിൽ അപാകതയില്ല.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | 2020-21 |
|---|---|

| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | - | |
| കർഷകതൊഴിലാളി പെൻഷൻ | 2934000 | 185 |
| വിധവാപെൻ ഷൻ | 8623700 | 528 |
| വാർദ്ധക്യകാല പെൻഷൻ | 17108700 | 1149 |
| വികലാംഗപെൻഷൻ | 2341200 | 152 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 495600 | 31 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 240000 | 8 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.07.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2596/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഫ്രണ്ട് ഓഫീസിൽ കറണ്ട് ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ നിലവിൽ സൂചികയിൽ എൻട്രി വരുന്നുള്ളൂ. തീർപ്പു കൽപ്പിക്കുന്നതും

വെരിഫിക്കേഷനും സംബന്ധിച്ച എൻട്രികൾ സൂചികയിൽ പ്രതിഫലിക്കുന്നില്ല. ബാക്ക് ഓഫീസ് സംവിധാനം സൂചികയിൽ പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതിനാൽ ഫയലുകൾ അതത് സെക്ഷനുകളിൽ പെന്റിംഗായി കാണിക്കുന്നു.

4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

6.ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് കെട്ടിടം ഒന്നാം നിലയിലായതിനാൽ നികുതി അടവാക്കുന്നതിനായി എത്തുന്ന പ്രായമായ വ്യക്തികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു

**7.മോണിട്ടറിങ്ങ്**

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്.

മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

8.മുൻവർഷങ്ങളിൽ സംയുക്ത പ്രൊജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 108729/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 83090/- രൂപയും അടിയന്തിരമായി പ്രൊജക്ടുകളിൽ ഉൾപ്പെടുത്തി ചെലവഴിക്കുകയോ, ബന്ധപ്പെട്ട ഹെഡിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.10.2020 മുതൽ 16.10.2020 വരെ | 01.02.2020 മുതൽ 30.09.2020 വരെ | 22.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.08.2003മുതൽ 16.09.2003 വരെ | 1997-98 മുതൽ 2002-2003വരെ | 14.03.2007 |

## 1-11 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

ഓരോ അർദ്ധവർഷവും തുടർച്ചയായോ, പലപ്പോഴായോ 60ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും (കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 204). ആയതിനാൽ, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് നോട്ടീസ് നൽകേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി 2020-21 സാമ്പത്തീക വർഷത്തിൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനം | സ്ഥാപനത്തിന്റെ സ്വഭാവം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 35/2019-20 | മിസ്പാ കെമിക്കൽ ഇൻഡസ്ട്രീസ് | ശുചീകരണ വസ്തുക്കളുടെ നിർമ്മാണം |
| 2 | 155/2020-21 | നാച്ചുറൽ ബയോ സയൻസ് ഇൻഡസ്ട്രീസ് | മാസ്ക് ഉത്പന്ന ങ്ങളുടെ വിൽപ്പന |
| 3 | 21/2019-20 | ആഷ്ലി ഫർണിച്ചർ ഇൻഡസ്ട്രീസ് (രണ്ടാം അർദ്ധവർഷം മാത്രം) | ഇരുമ്പ് ഫർണിച്ചർ നിർമ്മാണം |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 22/28.07.2021) മറുപടി ലഭിച്ചില്ല. ആയതിനനാൽ, മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിന് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വരുമാന നികുതി ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | 27/20-21, പാലിയേറ്റീവ് കെയർ |

| | |
|---|---|
| ബില്ല് നം, തീയതി, ചെലവ് | 01/20-21, 12.05.2020, 33530<br>04/20-21 16.06.2020, 44865<br>07/20-21, 17.07.2020, 25490<br>08/20-21, 17.08.2020 24240<br>11/20-21, 07.09.2020, 26780<br>12/20-21, 21.10.2020 32850<br>13/20-21, 13.11,2020 50000<br>14/20-21, 13.11.2020, 24200<br>15/20-21, 14.01.2021, 42732<br>16/20-21, 14.01.2021, 38210<br>17/20-21, 10.02.2021, 42040<br>18/20-21, 17.03.2021, 42722<br>20/20-21, 30.03.2021, 47864<br>21/20-21, 30.03.2021, 76376<br>ആകെ ചെലവ് |

| | |
|---|---|
| | 551899 |
| അടങ്കൽ, ഫണ്ട് | വികസന ഫണ്ട് 500000/- ബ്ലോക്ക് പഞ്ചായത്ത് 100000 ആകെ 600000- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി മാറാടി |

മേൽ പ്രോജക്ട് പ്രകാരം ശ്രീ ബാലകൃഷ്ണൻ.പി.കെ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെ.എൽ 35എഫ് 4959 എന്ന ഒംമ്നി വാഹനം പ്രതിദിനം 1100 രൂപ നിരക്കിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി ഓടുന്നതിന് കരാർ അടിസ്ഥാനത്തിൽ ഏർപ്പെട്ടിട്ടുള്ളതാണ്. എന്നാൽ കരാർ വ്യവസ്ഥകൾ ഓഡിറ്റിനായി ഹാജരാക്കിയില്ല. ശ്രീ ബാലകൃഷ്ണൻ.പി.കെ എന്ന വ്യക്തിക്ക് തനത് വർഷം കരാർ വ്യവസ്ഥ പ്രകാരം 133100 രൂപ പ്രതിഫലമിനത്തിൽ നല്കിയിട്ടുണ്ട്. വരുമാന നികുതി വകുപ്പിലെ 194(C) പ്രകാരം വരുമാന നികുതിയുടെ 1% തുകയായ 1331 രൂപ ഇദ്ദേഹത്തിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കേണ്ടതായിരുന്നു. എന്നാൽ മേൽ വിവരങ്ങൾ ആവശ്യപ്പെട്ട് കൊണ്ട് 22.07.2021 നല്കിയ 5ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയതിൽ ഇദ്ദേഹത്തിൽ നിന്ന് വരുമാന നികുതിയിനത്തിൽ ലഭിക്കുവാനുള്ള തുക ഈടാക്കി ബന്ധപ്പെട്ട

ഹെഡിൽ അടവാക്കമെന്ന് അറിയിച്ചിട്ടുണ്ട്. ഇദ്ദേഹത്തെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചതിനാൽ ആയതതിന്റെ കരാർ ഉടമ്പടി ഓഡിറ്റിന് ഹാജരാക്കേണ്ടതും, നിയമാനുസൃതം ഇദ്ദേഹത്തിൽ നിന്ന് ഈടാക്കേണ്ട നികുതിത്തുകയായ 1331 രൂപ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതുമാണ്.

## 1-13 സോളാർ ലൈറ്റ് സ്ഥാപിക്കൽ - എഗ്രിമെന്റിൽ വാറന്റി കാലയളവ് കുറവ് രേഖപ്പെടുത്തി

ഗ്രാമപഞ്ചായത്തിലെ 7 എസ് സി സങ്കേതങ്ങളിൽ 2020-21 വർഷം സോളാർ ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ലൈറ്റുകൾ തൃപ്തികരമായ രീതിയിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും എഗ്രിമെന്റിൽ ചട്ടപ്രകരാമുള്ള വാറന്റി കാലാവധി ഉറപ്പ് വരുത്തിയിട്ടില്ല.പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | S0027/21 |
| പ്രൊജക്ടിന്റെ പേര് | എസ് സി സങ്കേതങ്ങളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ |
| അംഗീകാരം | M-34/15/5/9/2019, എസ് സി ഡെവലപ്പ്മെന്റ് ഓഫീസർ |
| അടങ്കൽ/ഫണ്ടിനം | 306600/- എസ് സി പി |
| ചെലവ് | 306600/- |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി:സെക്രട്ടറി |

(അപാകത സംബന്ധിച്ച് 21.07.2021 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 3) 26.07.2021 C3-2247/21 പ്രകാരം നൽകിയ മറുപടി കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം തയ്യാറാക്കിയിട്ടുള്ളത് )

ഗ്രാമ പഞ്ചായത്തിന്റെ 14.11.2019 ലെ AS 02/19 നം ടെണ്ടർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഹൈക്കോൺ ഇൻഡ്യ ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനത്തെയാണ് 30.11.2019 ലെ കമ്മറ്റി തീരുമാനത്തിന്റെ ( നം 1/1) അടിസ്ഥാനത്തിൽ തിരഞ്ഞെടുത്തത്. സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സാങ്കേതിക സഹായം നൽകുന്ന അനർട്ടിന്റെ 21.10.2019 ലെ 28/SLS/അനർട്ട് ( ഇ കെ എം)/2019 കത്തിനോടൊപ്പമുള്ള ടെക്നിക്കൽ സ്പെസിഫിക്കേഷൻ പ്രകാരം ചുരുങ്ങിയ വാറന്റി കാലാവധി 5 വർഷമാണ്. ഹൈക്കോൺ സമർപ്പിച്ച ടെണ്ടർ രേഖയിലും വാറന്റി 5 വർഷമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തും ഹൈക്കോണും തമ്മിൽ ഒപ്പ് വെച്ച 5.12.2019 ലെ എഗ്രിമെന്റിൽ വാറന്റി കാലാവധിയായി രേഖപ്പെടുത്തിയിട്ടുള്ളത് 12 മാസമാണ്. കൂടാതെ ഹൈക്കോണിന്റെ 30.12.2019 ലെ OLG-C/1920001379 നം ഇൻവോയ്സിലും ഒരു വർഷമാണ് വാറന്റി കാലാവധി രേഖപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വാറന്റി കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരായ ഹൈക്കൺ ഇൻഡ്യ ലിമിറ്റഡ് കമ്പനിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു.

കരാർ കാലാവധി പുതുക്കുന്ന മുറക്ക് രേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-14 കോമൺ സർവീസ് സെന്റർ - പ്രവർത്തന സജ്ജമായില്ല

പഞ്ചായത്തിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് ആവിഷ്കരിച്ച പ്രൊജക്ടാണ് കോമൺ സർവീസ് സെന്റർ. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | S0213/21 |
| പ്രൊജക്ടിന്റെ പേര് | കോമൺ സർവീസ് സെന്ററിന് കംപ്യൂട്ടറും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ |
| അംഗീകാരം | DDP-EKM/563/F-2020-21/ 3.9.2020 |
| അടങ്കൽ/ ഫണ്ടിനം | 193214/- ആർ ജി എസ് എ ഫണ്ട് |
| ചെലവ് | 119391/- ചെക്ക് നം 667734/9.3.21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

(പ്രൊജക്ട് നിർവ്വഹണത്തിലെ അപാകത സംബന്ധിച്ച് 18.07.2021 ൽ നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് ( നം 1) 26.07.2021 ന് സമർപ്പിച്ച മറുപടി കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.)

ഗ്രാമപഞ്ചായത്ത് ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും ഒന്നാം നിലയിൽ എത്തിച്ചേരുവാൻ ബുദ്ധിമുട്ടുള്ളതിനാൽ താഴെ നിലയിൽ അവശ്യ സേവനങ്ങൾ നൽകുന്നതിനാണ് കോമൺ ഫസിലിറ്റി സെന്ററർ തയ്യാറാക്കാൻ ഉദ്ദശിച്ചിട്ടുള്ളത്.പ്രൊജക്ടിന്റെ ഭാഗമായി കെൽട്രോണിന് 119391 രൂപ 2.3.2021 ലെ TVM/ITBG/PI/RC/22827/20-21 നം ഇൻവോയ്സിന്റ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഐ റ്റി മിഷന്റെ 799011400003959 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക്നൽകിയിട്ടുണ്ട്. 3 കംപ്യൂട്ടറുകൾ വാങ്ങുന്നതിനാണ് തുക നൽകിയിട്ടുള്ളത്. കെൽട്രോണിന്റെ ഇൻവോയ്സ്,രസീത് എന്നിവ പ്രകാരം ഓർഡർ സ്ഥിരീകരിച്ച് 45 ദിവസത്തിനുള്ളിൽ കംപ്യൂട്ടറുകൾ വിതരണം ചെയ്യുന്നതാണ്. എന്നാൽ കെൽട്രോൺ ഓഡിറ്റ് തീയതി വരെ കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് കെൽട്രോണുമായി കരാർ ഒപ്പ് വെച്ചിട്ടില്ല. കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ 119391 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കെൽട്രോണിൽ നിന്ന് കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും കോമൺ ഫസിലിറ്റി സെന്ററർ പ്രവർത്തന സജ്ജമാക്കേണ്ടതുമാണ്.

## 1-15 ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കൽ -നടപടികൾ വേഗത്തിലാക്കണം

മാറാടി ഗ്രാമപഞ്ചായത്തിന്റെ 1996-97, 1997-98, 2004-05, 2005-06 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പൂർണ്ണമായും തീർപ്പാക്കിയിട്ടുണ്ട്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ എല്ലാ ഖണ്ഡികകൾക്കും, മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഭാഗീകമായി മാത്രമാണ് അനുബന്ധ രേഖകൾ ഹാജരാക്കുകയും, തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളത്. ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകഴിഞ്ഞാൽ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2), 14(3), 15 എന്നിവയനുസരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്. ഇപ്രകാരമുള്ള നടപടികൾ യഥാസമയം സ്വീകരിക്കപ്പെടാത്തത് മൂലമോ വൈകി സ്വീകരിക്കപ്പെടുന്നതുമൂലമോ ആണ് ഓഡിറ്റ് പരാമർശങ്ങൾ പൂർണ്ണമായും തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡമാകയാൽ ഓഡിറ്റ് പരാമർശങ്ങൾ ചട്ടപ്രകാരം യഥാസമയം തന്നെ തീർപ്പാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. 2000-01 മുതൽ 2003-04 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ പഞ്ചായത്തിൽ ലഭ്യമല്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ ഖണ്ഡിക 4-11ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-16 ഹോമിയോ മരുന്ന് ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 15/21 |
| പ്രോജക്ടിന്റെ പേര്. | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ. |
| ഫണ്ട്, അടങ്കൽ. | മെയിന്റനൻസ് ഫണ്ട് (റോഡിതരം) 175000/- |
| ബിൽ നം,തീയതി, ചെലവ് | 1)1/20-21/17-11-20 ,125000/- 2) 2/20-21/12-01-21,50000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

2020-21 വർഷം മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പിലാക്കിയ ടി പ്രോജക്ട് പ്രകാരം 175000/- രൂപ ഹോമിയോ മരുന്ന് വാങ്ങുന്നതിനായി ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്.എന്നാൽ 28-05-21 ൽ 30000/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി 145000/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്.ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/23.7.21) ഹാജരാക്കിയ മറുപടിയിൽ മരുന്ന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഹോംകോയ്ക്ക് കത്ത് നല്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ബാക്കി 145000/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി

വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 എം.സി.റോഡ് മണിയങ്കല്ല് കനാൽറോഡ് പുനരുദ്ധാരണം വാർഡ് -10 അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 162/21 |
| പ്രോജക്ടിന്റെ പേര് | എം.സി.റോഡ് മണിയങ്കല്ല് കനാൽറോഡ് പുനരുദ്ധാരണം വാർഡ് -10 |
| അടങ്കൽ | 455000/- (മെയി.ഫണ്ട്.റോഡ്-455000) |
| ചെലവ് | - *ബിൽ നം.4*/20-21/ 25.5.20-455000/- |
| കരാറുകാരൻ | മനീഷ് എം.മോഹൻ |
| എം.ബുക്ക് നം. | 361/19-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

ഈ പ്രവൃത്തിക്കായി ആകെ 47ബാരൽ ബിറ്റുമിൻ ഉപയോഗിച്ചിട്ടുണ്ട്. 2016 ലെ ഡി.എസ്.ആർ നിരക്ക് പ്രകാരം പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് കരാറുകാരന് അനുവദിച്ചുനൽകിയിട്ടുള്ളത്. എന്നാൽ അവസാന ബിൽ നൽകിയപ്പോൾ കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും ഈടാക്കിയിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തിൽ ഈടാക്കിവരുന്ന കാലിവീപ്പയുടെ നിരക്കനുസരിച്ച് (ഒരെണ്ണത്തിന് 238/-രൂപ നിരക്കിൽ) 47x 238=11186 /-രൂപയും 18% ജി.എസ്.ടി 2013/-

*രൂപയും ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും* ഈടാക്കിയിട്ടില്ല. ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/27-7-21) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-18 എസ്.സി.സങ്കേതം റോഡ് റീ ടാറിംഗ് വാർഡ് -3 - പ്രവൃത്തിപൂർത്തീകരണം- കാലതാമസത്തിന് ഫൈൻ ഈടാക്കിയില്ല.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | എസ്.സി.സങ്കേതം റോഡ് റീ ടാറിംഗ് വാർഡ് 3 |
| പ്രോജക്ട് നമ്പർ | SO 202/21 |
| അടങ്കൽ തുക | 150000/- |
| എഗ്രീഡ് PAC | 149850/- |
| കരാറുകാരന്റെ പേര് | മനീഷ് എം.മോഹൻ |
| ചെയ്ത വേലയുടെ മൂല്യം | 149850/- |
| അളവ് പുസ്തകം | 47/20-21 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ചെലവു വിവരം | ബിൽ നം. 77/21/3.3.21 |

ടി പ്രോജക്ട് പ്രകാരം കരാറുകാരനുമായി 18-03-2020 ൽ പ്രവർത്തിയുടെ എഗ്രിമെന്റ് വെയ്ക്കുകയും അതേ ദിവസം തന്നെ സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കരാർ വ്യവസ്ഥ 6 അനുസരിച്ച് പ്രവർത്തന

